പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5531.

24.05.2017 - ൽ
മറുപടിയ്ക്ക്

## പോലീസ് ഡ്രൈവർമാർക്ക് പ്രമോഷൻ ലഭിക്കാത്ത സാഹചര്യം

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) പോലീസിലെ ഇതര സാങ്കേതിക വിഭാഗം ജീവനക്കാരുമായി താരതമ്യം ചെയ്യുമ്പോൾ പോലീസ് ഡ്രൈവർമാർക്ക് എച്ച്.സി . എ.എസ്.ഐ തസ്തികകളിലേക്ക് പ്രമോഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോലീസ് ഡ്രൈവർമാരെ എച്ച്.സി . എ.എസ്.ഐ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് ഉത്തരവ് നല്കിയിരുന്നുവോ ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ;

(ഡി) പോലീസ് ഡ്രൈവർമാർക്ക്എച്ച്.സി . എ.എസ്.ഐ തസ്തികകളിലേക്ക് പ്രമോഷൻ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

(എ) (ബി) (സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്തരവ് നടപ്പിൽ വരുത്തുന്നത് സാമ്പത്തിക സ്ഥിതി പരിഗണിച്ച മാത്രമായിരിക്കും എന്ന വ്യവസ്ഥയിൽ 30.04.2016 ലെ സ.ഉ(കൈ)നം. 135/2016/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പോലീസ് വകുപ്പിൽ 260 ഡ്രൈവർ ഹെഡ് കോൺസ്റ്റബിൾമാരുടെയും 26 ഡ്രൈവർ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരുടെയും തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവായിരുന്നു. ഈ വിഷയം ഇപ്പോൾ സർക്കാർ തലത്തിൽ പരിശോധനയിലാണ്.

സെക്ഷൻ ഓഫീസർ